പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1321** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>എറണാകുളം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** എറണാകുളം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്;അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 1. എറണാകുളം രജിസ്ട്രേഷൻ കോംപ്ലക്സ് (ഇതിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ ഓഫീസ്, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസുകൾ, ചിട്ടി ഇൻസ്പെക്ടർ, എറണാകുളം സബ് രജിസ്ട്രാർ ഓഫീസ് എന്നിവ ഉൾപ്പെടുന്നു). ശ്രീ.ബിജോ ബേബിയുടെ ഉടമസ്ഥതയിലുള്ള പെരുമ്പള്ളിൽ ബിൽഡിംഗിന്റെ ഒന്നാം നിലയിൽ പ്രവർത്തിച്ചു വരുന്നു.

2. കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസ് - സെന്റ് മേരീസ് ജാക്കോബൈറ്റ് സിറിയൻ കത്തീഡ്രൽ പള്ളിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

3. മരട് സബ് രജിസ്ട്രാർ ഓഫീസ് - മരട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിച്ചു വരുന്നു.

**(ബി)** ഈ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനായി സർക്കാർ പ്രതിവർഷം ചെലവഴിക്കുന്ന വാടക തുക എത്രയാണ്;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 1. എറണാകുളം രജിസ്ട്രേഷൻ കോംപ്ലക്സ് - പ്രതിവർഷ വാടക ₹10,36,850.52/-

2. കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസ് - പ്രതിവർഷ വാടക ₹1,85,412/-

3. മരട് സബ് രജിസ്ട്രാർ ഓഫീസ് - വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(സി)** വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 1. എറണാകുളം രജിസ്ട്രേഷൻ കോംപ്ലക്സിനായി കണയന്നൂർ താലൂക്കിൽ റീ-സർവേ നമ്പർ 2524-ൽ ഉൾപ്പെട്ട 4.05 ആർ ഭൂമിയിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ

പുരോഗമിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ പുതുക്കിയ പ്ലാനിലെ സ്ഥല പരിമിതിയുമായി ബന്ധപ്പെട്ട് ന്യൂനതകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

2. മരട് സബ് രജിസ്ട്രാർ ഓഫീസിൽ പൊതുജനങ്ങൾക്ക് സുഗമമായി എത്തിച്ചേരാനാകുന്നതും ഗതാഗത സൗകര്യങ്ങൾ ലഭ്യമായതുമായ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

3. കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത ഓഫീസിനായി ശ്രീ. പോളി എ.പി., ശ്രീ. ആന്റണി കെ.പി. എന്നിവർ അവരുടെ ഉടമസ്ഥതയിലുള്ള 10 സെന്റ് ഭൂമി വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതും തുടർ നടപടികൾ പുരോഗമിച്ചുവരികയുമാണ്.

**(ഡി)** പുതിയ കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ വിശാലമായ ഓഫീസ് സൗകര്യം,റെക്കോർഡ് റൂം,കാത്തിരിപ്പ് കേന്ദ്രം,പാർക്കിംഗ്,ഭിന്നശേഷി സൗഹൃദം തുടങ്ങിയവ സംവിധാനങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

**മറുപടി:** കെട്ടിട നിർമ്മാണം തുടങ്ങുന്ന സമയത്ത് നിലവിലുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും പ്രകാരം പരിശോധിച്ച് ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**